# SSLC EXAMINATION-MARCH-2020

## BIOLOGY

**Time: $1^{1/2}$ Hours** Total Score: 40

<table>
<tr><th>Qn</th><th>INDICATORS</th><th>Score</th></tr>
<tr><td>1</td><td>a) പ്രകാശത്തിന്റെ സാന്നിധ്യത്തിൽ കാഴ്ച വർണ്ണകങ്ങളുടെ വിഘടനം</td><td>1</td></tr>
<tr><td>2</td><td>i) G (ഗ്വാനിൻ)<br>ii) P (ഫോസ്ഫേറ്റ്)</td><td>½<br>½</td></tr>
<tr><td>3</td><td>▪ മിക്സെഡിമ</td><td>1</td></tr>
<tr><td>4</td><td>▪ ഹ്യൂഗോ ഡിവ്രീസ് - ഉൽപ്പരിവർത്തന സിദ്ധാന്തം</td><td>1</td></tr>
<tr><td>5</td><td>കാലോസ്</td><td>1</td></tr>
<tr><td>6</td><td>ജീനോം –ഒരു ജീവിയിൽ അടങ്ങിയിട്ടുള്ള മൊത്തം ജനിതക വസ്തു</td><td>1</td></tr>
<tr><td>7</td><td>
<table>
<tr><th>അസ്തിഷ്കം</th><th>സുഷുമ്ന</th></tr>
<tr><td>▪ ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്നു</td><td>▪ നടത്തം, ഓട്ടം തുടങ്ങിയ പ്രവർത്തനങ്ങളിലെ ആവർത്തന ചലനം ഏകോപിപ്പിക്കുന്നു.</td></tr>
<tr><td>▪ പേശീ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ശരീരതുലനനില പാലിക്കുന്നു.</td><td>▪ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആവേഗങ്ങളെ മസ്തിഷ്കത്തിലേക്കും തിരിച്ചും പ്രേഷണം ചെയ്യുന്നു.</td></tr>
</table>
</td><td>½<br>½<br>½<br>½</td></tr>
<tr><td>8</td><td>a) ജൈവരസതന്ത്രവും ശരീരധർമ്മശാസ്ത്രവും - ഇന്നു കാണുന്ന വ്യത്യസ്ത ജീവജാതികൾക്കെല്ലാം പൊതുപൂർവികജീവിയുണ്ടായിരുന്നു എന്ന തെളിവ്<br>b) നൽകുന്നുണ്ട്<br>ഓരോ ജീവികളുടെ ആവാസ രീതിക്കനുസരിച്ച് അവയുടെ അവയവങ്ങളുടെ ബാഹ്യഘടന വ്യത്യാസപ്പെട്ടിരിക്കുന്നെങ്കിലും ആന്തര ഘടനയിൽ അവ സമാനത പ്രകടിപ്പിക്കുന്നു.(അനുരൂപ അവയവങ്ങൾ) ഇത് വ്യത്യസ്ത ജീവജാതികൾക്കെല്ലാം പൊതുപൂർവികജീവിയുണ്ടായിരുന്നു എന്ന തെളിവ് നൽകുന്നു</td><td>1<br>1</td></tr>
<tr><td>9</td><td>a) കരൾ ഉൽപാദിപ്പിക്കുന്ന പിത്തരസത്തിന്റെ പ്രവാഹം തടസ്സപ്പെടുന്നതു വഴി പിത്തരസത്തിലെ ബിലുറൂബിൻ എന്ന വർണവസ്തുവിന്റെ അളവ് രക്തത്തിൽ കൂടും ഇത് ശ്ലേഷ്മസ്തരത്തിലും കണ്ണിന്റെ വെള്ളയിലും നഖത്തിലും കടും മഞ്ഞനിറമുണ്ടാകുന്നു<br>b) ഡിഫ്തീരിയ ബാധിക്കുന്നനത് മൂക്ക്, തൊണ്ട, എന്നിവിടങ്ങളിലെ ശ്ലേഷ്മ സ്തരത്തെയാണ്. ബാക്ടീരിയ ടോക്സിനുകളെ ഉല്പാദിപ്പിച്ച് ശ്ലേഷ്മാവരണത്തിലെ കോശങ്ങളെ നശിപ്പിക്കുന്നു. നശിപ്പിക്കപ്പെട്ട കോശങ്ങൾ കട്ടിയുള്ള ചാര നിറത്തിലുള്ള ഒരു ആവരണം തൊണ്ടയിൽ ഉണ്ടാക്കുന്നു</td><td>1<br>1</td></tr>
<tr><td>10</td><td>a) ആക്സോൺ<br>b) നാഡികളിൽ മയലിൻഷീത്ത് രൂപം കൊള്ളുന്നത് ഷ്വാൻകോശങ്ങൾ ആക്സോണിനെ ആവർത്തിച്ച് വലയം ചെയ്യുന്നതിലൂടെയാണ്.<br>മസ്തിഷ്കത്തിലും സുഷുമ്നയിലും മയലിൻഷീത്ത് രൂപം കൊള്ളുന്നത് ഒളിഗോഡെൻഡ്രോസൈറ്റ് എന്ന സവിശേഷ കോശങ്ങളാൽ മയലിൻഷീത്ത് നിർമിക്കപ്പെട്ടിരിക്കുന്നു.</td><td>1<br>1</td></tr>
<tr><td>11</td><td>
<table>
<tr><th></th><th></th></tr>
<tr><td>ലിംഗനിർണ്ണയ ക്രോമസോമുകൾ</td><td>X,Y</td></tr>
<tr><td>സ്വരൂപ ക്രോമസോമുകൾ</td><td>22 ജോഡി</td></tr>
<tr><td>പുംബീജ കോശങ്ങളിലെ ക്രോമസോമുകൾ</td><td>22+X, 22+Y</td></tr>
<tr><td>സ്ത്രീ ബീജ കോശങ്ങളിലെ ക്രോമസോമുകൾ</td><td>22+ X</td></tr>
</table>
</td><td>½<br>½<br>½<br>½</td></tr>
</table>

A+ EDUCARE

| | | |
|---|---|---|
| 12. | i. B - ലിംഫോസൈറ്റുകൾ<br>ii. തൈമസ് ഗ്രന്ഥിയിൽ വച്ച് പാകപ്പെടുന്നു.<br>iii.മറ്റ് പ്രതിരോധകോശങ്ങളെ ഉത്തേജിപ്പിക്കുന്നു. / വൈറസ് ബാധിച്ച കോശങ്ങളെ നശിപ്പിക്കുന്നു<br>iv.ബാക്ടീരിയയുടെ കോശസ്തരത്തെ ശിഥിലീകരിച്ച് അവയെ നശിപ്പിക്കുന്നു./ മറ്റു ശ്വേതരക്താണുക്കളെ ഉത്തേജിപ്പിച്ച് രോഗാണുക്കളെ നശിപ്പിക്കുന്നു. | ½<br>½<br>½<br>½ |
| 13 | a) ഉൽപാദനം തകരാറിലായ പ്രോട്ടീൻ കണ്ടെത്തി കുത്തി വച്ച് താൽക്കാലിക ശമനമുണ്ടാക്കുകയാണ് ചെയ്യുന്നത്<br>b) ഹീമോഫീലിയ ജനിതക രോഗമായതിനാൽ പൂർണമായി ഭേദമാക്കാനാവില്ല. | 1<br>1 |
| 14 | ▪ രുചിക്ക് കാരണമാകുന്ന പദാർത്ഥങ്ങൾ ഉമിനീരിൽ ലയിക്കുന്നു.<br>▪ പദാർത്ഥങ്ങൾ ഉമിനീരിലൂടെ സ്വാദുമുകുളങ്ങളിലെത്തു<br>▪ രുചി തിരിച്ചറിയുന്ന രാസഗ്രാഹികൾ ഉദ്ദീപിപ്പിക്കുന്നു .<br>▪ രാസഗ്രാഹികളിൽ ആവേഗങ്ങൾ രൂപപ്പെടുന്നു.<br>▪ ആവേഗങ്ങൾ നാഡികളിലൂടെ മസ്ഷ്കത്തിലെത്തുന്നു<br>▪ രുചി എന്ന അനുഭവം രൂപപ്പെടുന്നു. | ½<br>½<br>½<br>½<br>½<br>½ |
| 15 | a)<br>▪ DNA ബാക്ടീരിയയുടെ കോശത്തിൽ നിക്ഷേപിക്കുന്നു.<br>▪ ബാക്ടീരിയകൾക്ക് പെരുകാൻ അനുകൂലമായ സാഹചര്യങ്ങൾ നൽകുന്നു.<br>▪ ബാക്ടീരിയ പ്രവർത്തനസജ്ജമല്ലാത്ത ഇൻസുലിൻ ഉൽപ്പാദിപ്പിക്കുന്നു<br>▪ ഇവയിൽനിന്നും പ്രവർത്തന സജ്ജമായ ഇൻസുലിൻ നിർമിക്കുന്നു.<br>b)<br>▪ ഔഷധം : മരുന്നുൽപ്പാദിപ്പിക്കുന്ന മൃഗങ്ങളും സസ്യങ്ങളും<br>▪ ജീൻ ചികിത്സ : ജനിതക രോഗങ്ങൾക്ക് പരിഹാരം<br>▪ കീടനിയന്ത്രണം : കീടങ്ങളെ നിയന്ത്രിക്കാൻ കഴിവുള്ള പ്രോട്ടീനുകൾ ഉൽപ്പാദിപ്പിക്കുന്ന വിളകൾ (ഏതെങ്കിലും ഒന്ന്) | 1<br>2 |
| 16 | a) i) TR ii) tr<br>b)<br>▪ ഉരുണ്ട വിത്തുള്ള ഉയരം കൂടിയവ: (TTRR, TTRr, TtRR, TtRr).<br>▪ ഉരുണ്ട വിത്തുള്ള ഉയരം കുറഞ്ഞവ: (TTrr, Ttrr).<br>▪ ചുളുങ്ങിയ വിത്തുള്ള ഉയരം കൂടിയവ: (ttRR, ttRr).<br>▪ ചുളുങ്ങിയ വിത്തുള്ള ഉയരം കുറഞ്ഞവ: (ttrr). | 1<br>2 |
| 17 | രോഗ പകർച്ച<br>▪ എലി, നായ, മറ്റു ചില മൃഗങ്ങൾ എന്നവയിലൂടെ പുറത്തുവരുന്ന ബാക്ടീരിയ കെട്ടിക്കിടക്കുന്ന വെള്ളത്തിലും ഇർപ്പത്തിലും ഉണ്ടായുരുക്കും, ഈ ബാക്ടീരിയ നമ്മുടെ ശരീരത്തിലെ മുറിവുകളിലൂടെ ഉള്ളിൽ കടക്കുന്നു.<br>രോഗ പ്രതിരോധം<br>▪ എലിപ്പനി പോലുള്ള രോഗങ്ങളെ നിയന്ത്രിക്കുന്നതിന് വാഹക ജീവികളെ അകറ്റണം<br>▪ എലികൾ പെരുകാൻ ഇടയുള്ള ചവറുകൂനകൾ, മറ്റ് മാലിന്യങ്ങൾ എന്നിവ ഒഴിവാക്കി പരിസരം വൃത്തിയായ് സൂക്ഷിക്കണം<br>▪ തുടക്കത്തിലേ കണ്ടെത്തി ചികിത്സിച്ചാൽ പരിപൂർണ്ണമായും ഭേതമാവുന്ന ഒരു രോഗമാണ് എലിപ്പനി<br>▪ ചികിൽസയേക്കാൾ നല്ലത് പ്രതിരോധമാണ് എന്ന തിരിച്ചറിവ് രോഗ വ്യാപനം തടയുന്നതിന് അത്യാവശ്യമാണ് | 3 |

A+ EDUCARE

<table>
<tr><td>18</td><td>a) i) സംവേദനാഡി ii) ഇന്റർന്യൂറോൺ<br>b) അല്ല<br>കണ്ണിൽ പെട്ടന്ന് പ്രകാശം പതിക്കുമ്പോഴോ ഏതെങ്കിലും വസ്തുക്കൾ കണ്ണിനു നേരെ വരുമ്പോഴോ കണ്ണുചിമ്മുന്നത് സെറിബ്രത്തിന്റെ നിയന്ത്രണത്തിലാണ് (സെറിബ്രൽ റിഫ്ളക്സ്)</td><td>1<br>1<br>1</td></tr>
<tr><td>19</td><td>a) i) സെർക്കോപിത്തിക്കോയിഡെ ii) ഹൊമിനോയിഡിയേ<br>b) വികസിച്ച മസ്തിഷ്കം, സ്വതന്ത്രമായി ചലിപ്പിക്കാവുന്ന കൈകൾ<br>c) മനുഷ്യനും ചിമ്പാൻസിയും തമ്മിൽ ഹീമോഗ്ലോബിനിലെ ബീറ്റാ ശൃംഖലയിലെ അമിനോ ആസിഡുകളുടെ എണ്ണത്തിൽ വ്യത്യാസമില്ല.</td><td>1<br>1<br>1</td></tr>
<tr><td>20</td><td>i. ഇൻസുലിൻ<br>ii. മൂത്രത്തിൽ ഗ്ലൂക്കോസിന്റെ സാന്നിധ്യം<br>iii. ഡയബെറ്റിസ് ഇൻസിപിഡസ്<br>iv. കൂടെക്കൂടെയുള്ള മൂത്രവിസർജനം<br>v. സൊമാറ്റോട്രോപിൻ<br>vi. അക്രോമെഗാലി</td><td>½<br>½<br>½<br>½<br>½<br>½</td></tr>
<tr><td>21</td><td>a) i)കോർട്ടക്സ് ഹോർമോൺ: കോർട്ടിസോൾ<br>b) ii) മെഡുല്ല
<table>
<tr><td>ഹോർമോൺ</td><td>ധർമം</td></tr>
<tr><td>എപിനെഫ്രിൻ (അഡ്രിനാലിൻ)</td><td>അടിയന്തരസാഹചര്യങ്ങളിൽ സിംപതറ്റിക് വ്യവസ്ഥയോട് ചേർന്ന് പ്രവർത്തിക്കുന്നു ഇതുവഴി ഇത്തരം സാഹചര്യങ്ങളിൽ പോരാടാനോ പിന്തിരിഞ്ഞോടാനോ കഴിയുന്നു.</td></tr>
<tr><td>നോർഎപിനെഫ്രിൻ (നോർഅഡ്രിനാലിൻ)</td><td>എപിനെഫ്രിനോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നു.</td></tr>
</table>
c)<br>▪ വൃക്കയിൽ പ്രവർത്തിച്ച് ലവണ-ജലസന്തുലനാവസ്ഥ ക്രമീകരിക്കുന്നു<br>▪ രക്തസമ്മർദ്ദം ക്രമീകരിക്കുന്നു</td><td>1<br>2<br>1</td></tr>
<tr><td>22</td><td>a) ഒരാളുടെ രക്തത്തിൽ സ്വാഭാവികമായി കാണപ്പെടാത്ത ആന്റിജനുകൾ എത്തിയാൽ അത് പ്രതിരോധപ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്നു. രക്തം വാങ്ങിയ ആളുടെ ശരീരത്തിലെ ആന്റിബോഡിയും അയാൾക്ക് നൽകിയ രക്തത്തിലെ ആന്റിജനും തമ്മിൽ പ്രതിപ്രവർത്തിച്ച് രക്തക്കട്ട രൂപപ്പെടുന്നു.<br>b) വാക്സിനുകളിലെ ഘടകങ്ങൾ ശരീരത്തിലെത്തുമ്പോൾ ലിംഫോസൈറ്റുകൾ ഇവയ്ക്കെതിരെയുള്ള പ്രത്യേക ആന്റിബോഡികൾ നിർമ്മിക്കുന്നു. ഈ ആന്റിബോഡികൾ രോഗാണുക്കളുടെയും ടോക്സിനുകളെയും നശിപ്പിക്കുന്നതോടൊപ്പം തുടർന്നുള്ള രോഗാണുക്കളുടെ ആക്രമണത്തിൽ നിന്നും ശരീരത്തെ രക്ഷിക്കുകയും ചെയ്യുന്നു.</td><td>2<br>2</td></tr>
<tr><td>23</td><td>a) കോർണിയ<br>b) പ്യൂപിൾ<br>c) പീതബിന്ദു</td><td>1<br>1<br>1<br>1</td></tr>
</table>

A+EDUCARE




Prepared by:

Riyas [HST-NS]
PPMHSS Kottukkara
Kondotty, Kottukkara

Aplus Educare Blog
Mob: 9072708051
www.apluseducare.in
www.apluseducare.blogspot.com

**For more Study material visit www.apluseducare.blogspot.com or Whatsapp: 9072708051**

A+ EDUCARE